ബ്ലോക്കുകളുടെ പുനഃസംഘടന

3 (4038) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് നിലവിലുള്ളത് ; ഇവയുടെ പുനഃസംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുനഃസംഘടിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ; പുനഃസംഘടനയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ;

(ബി) പുനഃസംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര വർദ്ധനവാണ് വന്നിട്ടുള്ളത് ; ഇവയുടെ കണക്ക് ലഭ്യമാക്കാമോ ; ബ്ലോക്ക് പുനഃസംഘടനയ്ക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പുനഃസംഘടന സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 152 ബ്ലോക്കുകളാണ് നിലവിലുള്ളത്. ഇവയുടെ പുനഃസംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും തദ്വാരാ ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും നിയമസഭാ നിയോജകമണ്ഡലങ്ങളും വികസന ബ്ലോക്കുകളും തമ്മിലുള്ള ഏകോപനം സാദ്ധ്യമാക്കുന്നതിനുമായിട്ടാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കാൻ തീരുമാനിച്ചത്. കേരള പഞ്ചായത്ത് രാജ് നിയമം 4(1)(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടനയുടെ ചുമതല സർക്കാരിൽ നിക്ഷിപ്തമാണ്.

(ബി) പുനഃസംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നില്ല. ഒരു നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന ബ്ലോക്കിന്റെ എണ്ണം ഒന്നും പരമാവധി രണ്ടുമായി ക്രമീകരിക്കുന്ന രീതിയിലാണ് പുനഃസംഘടന നടത്തുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനഃക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ലഭ്യമാകുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നവരെ നേരിൽക്കേട്ട് വിലയിരുത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഐ.എ.വൈ. പദ്ധതി

4 (4039) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതം കൃത്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ജില്ലാടിസ്ഥാനത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരും സംസ്ഥാനാടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറും ഇന്ദിര ആവാസ് യോജന പദ്ധതി അവലോകനം നടത്തുന്നുണ്ട്.

(ബി) കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ സർക്കാർ 2012-13 മുതൽ നൽകേണ്ട വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

859/2017.

LIBRARY ARCHIVES Kerala Legislative Assembly